भारतीय रिज़र्व बैंक
RESERVE BANK OF INDIA
www.rbi.org.in

RBI/2018-19/3
DCM (NE) No. G-2/08-07-18/2018-19

ജൂലൈ 02, 2018
(2019 ജനുവരി 14 വരെ പുതുക്കിയത്)

എല്ലാ ബാങ്കുകളുടേയും
ചെയർമാൻ/മാനേജിംഗ് ഡയറക്ടർ
ചെയർമാനും മാനേജിംഗ് ഡയറക്ടറും

മാഡം/ പ്രിയപ്പെട്ട സർ,

**നോട്ടുകളും നാണയങ്ങളും മാറിനൽകുന്നതു സംബന്ധിച്ചുള്ള പ്രാമാണിക സർക്കുലർ**

2017 ജൂലൈ 3-ലെ പ്രാമാണിക സർക്കുലർ നമ്പർ DCM (NE) No.G-1/08.07.18/2017-18-ലെ നിർദ്ദേശങ്ങൾ പരിശോധിക്കുക. വിഷയത്തിലുള്ള പ്രാമാണിക സർക്കുലറിൻറെ പുതുക്കിയ പതിപ്പ് നിങ്ങളുടെ അറിവിനും നടപടികൾക്കുമായി അനുബന്ധമായി ചേർത്തിട്ടുണ്ട്. ഈ പ്രാമാണിക സർക്കുലർ www.rbi.org.in എന്ന വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

വിശ്വാസപൂർവ്വം

(മാനസ് റജൻ മോഹന്തി)
ചീഫ് ജനറൽമാനേജർ

Encl: മുകളിൽ പറഞ്ഞതുപോലെ

वित्तीय समावेशन और विकास विभाग, केन्द्रीय कार्यालय,10 वी मंजिल, केंद्रीय कार्यालय भवन, शहीद भगतसिंह मार्ग,पोस्ट बॉक्स सं. 10014,मुंबई -400001
Financial Inclusion & Development Dept.,Central Office,10th Floor, Central Office Building,Shahid Bhagat Singh Marg,P.B.No.10014,Mumbai-1
टेली Tel:022-22601000 फैक्सः 91-22-22621011/22610943/22610948 ई -मेल : cgmincfidd@rbi.org.in
हिंदी आसान है,इसका प्रयोग बढ़ाइए।
"चेतावनी : रिज़र्व बैंक द्वारा मेल-डाक, एसएमएस या फोन कॉल के जरिए किसी की भी व्यक्तिगत जानकारी जैसे बैंक के खाते का ब्यौरा, पासवर्ड आदि नहीं मांगी जाती है। यह धन रखने या देने का प्रस्ताव भी नहीं करता है। ऐसे प्रस्तावों का किसी भी तरीके से जवाब मत दीजिए।"
Caution: RBI never sends mails, SMSs or makes calls asking for personal information like bank account details, passwords, etc. It never keeps or offers funds to anyone. Please do not respond in any manner to such offers.

അനുബന്ധം
ജൂലൈ 02, 2018

**പ്രാമാണിക സർക്കുലർ-നോട്ടുകളും നാണയങ്ങളും മാറിനൽകുന്നതിനുള്ള സൗകര്യങ്ങൾ**

(a) രാജ്യത്തിൻറെ എല്ലാ ഭാഗങ്ങളിലുമുള്ള ബാങ്ക് ശാഖകൾ, താഴെപ്പറയുന്ന കസ്റ്റമർ സേവനങ്ങൾ ചടുലമായും വേഗത്തിലും, പൊതുജനങ്ങൾക്ക് നൽകണമെന്നത് നിർബന്ധമാണ്. അപ്രകാരം ചെയ്താൽ അവർക്ക് ഇക്കാര്യങ്ങൾക്ക് ആർബിഐയുടെ മേഖലാ ഓഫീസുകളെ സമീപിക്കേണ്ടിവരില്ല.

I) ആവശ്യപ്പെടുമ്പോൾ എല്ലാ ഡിനോമിനേഷനിലുമുള്ള പുതിയ/നല്ല നോട്ടുകളും നാണയ ങ്ങളും നൽകുക.

II) വികലമാക്കപ്പെട്ടതും, അഴുക്കുപറ്റിയതും, ന്യൂനതകളുള്ളതുമായ നോട്ടു കൾ മാറികൊ ടുക്കുക.

കുറിപ്പ്:-സ്മാൾ സേവിംഗ്സ് ബാങ്കുകൾക്കും പേയ്മെൻറ് ബാങ്കുകൾക്കും അവരുടെ ഹിതമനുസരിച്ച് വികലമായതും ന്യൂനതകളുള്ളതുമായ നോട്ടുകൾ കൈമാറ്റം ചെയ്തു നൽകാം.

III) നാണയങ്ങളും നോട്ടുകളും ഇടപാടുകൾക്കോ, കൈമാറ്റം ചെയ്യാനോ വേണ്ടി സ്വീകരി ക്കുക.

നാണയങ്ങൾ പ്രത്യേകിച്ചും ഒരു രൂപയുടേയും, രണ്ടുരൂപയുടേയും നാണയ ങ്ങൾ ഭാരപരി ശോധനയിലൂടെ സ്വീകരിക്കുന്നതാവും ഉത്തമം. എന്നിരുന്നാലും നൂറിൻറെ നാണയങ്ങളായി പോളിത്തീൻ സഞ്ചികളിൽ നിറച്ചരീതിയിൽ സ്വീകരിക്കുന്ന താവും, ഇടപാടുകാർക്കും, കാഷ്യ ർമാക്കും കൂടുതൽ സൗകര്യം. അങ്ങനെ നിറച്ച സഞ്ചികൾ കൗണ്ടറുകളിൽ സൂക്ഷിച്ച് ഇടപാടു കാർക്ക് ലഭ്യമാക്കുക.

(b) എല്ലാ ശാഖകളും, മുകളിൽ പറഞ്ഞ സൗകര്യങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും വ്യത്യാസ മില്ലാതെ, പൊതുജനങ്ങൾക്ക് ലഭ്യമാക്കണം. മാസ ത്തിൽ ഒരു ഞായറാഴ്ച, തിരഞ്ഞെടുക്കപ്പെട്ട കറൻസി ചെസ്റ്റ് ശാഖകളിലുള്ള ഈ കൈമാറ്റ സൗകര്യം മാറ്റമി ല്ലാതെ തുടരും. അത്തരം ശാഖക ളുടെ പേരും മേൽവിലാസവും അതാത് ബാങ്കുകളിൽ ലഭ്യമാക്കണം.

(c) പൊതുജനങ്ങളുടെ അറിവിലേക്കായി, ബാങ്കുശാഖകളിൽ ലഭ്യമാക്കുന്ന മേൽകാണിച്ച സൗകര്യങ്ങളെ സംബന്ധിച്ച് വിപുലമായ പ്രചരണം നൽകണം.

(d) ഒരു ബാങ്കുശാഖയും ചെറിയ ഡിനോമിനേഷനിലുള്ള നോട്ടുകളും നാണയങ്ങളും സ്വീകരിക്കുന്ന തിൽ വിസമ്മതം കാണിക്കരുത്.

**2. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (നോട്ട് റീഫണ്ട്) നിയമങ്ങൾ**

a) 1934-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യാ ആക്ട്,സെക്ഷൻ 28, ഒപ്പം സെക്ഷൻ 58(2) പ്രകാരം, ഗവൺമെൻറ് ഓഫ് ഇന്ത്യയിൽ നിന്നോ, ആർബിഐയിൽ നിന്നോ, ഒരു

വ്യക്തി ക്കും, നഷ്ടപ്പെട്ടുപോയതോ, കളവുപോയതോ, വികലമായതോ, ന്യനതകളുള്ളവയോ ആയ ഗവൺമെൻറ് ഓഫ് ഇന്ത്യ കറൻസി നോട്ടിൻറെയോ ബാങ്ക് നോട്ടിൻറേയോ, മൂല്യം ഈടാ ക്കിയെടുക്കുന്നതിനുള്ള അവകാശമില്ല. എന്നിരുന്നാലും, പൊതുജനങ്ങളുടെ യഥാർത്ഥ മായ പ്രയാസങ്ങൾ ഒഴിവാ ക്കാനായി, കേന്ദ്രഗവൺമെൻറിൻറെ മുൻകൂർ അനുമതിയോടു കൂടി, റിസർവ്ബാ ങ്കിന്, അത്തരം കറൻസിനോട്ടുകളുടേയോ, ബാങ്ക് നോട്ടുകളുടേയോ മൂല്യം ഒരു സൗജന്യമെന്നനിലയിൽ തിരിച്ചുനൽകുന്നതിനു ഉപാധികളോടെയുള്ള സഹാ യങ്ങളും വ്യവസ്ഥകളും നിർദ്ദേശിക്കാം.

b) പൊതുജനങ്ങളുടെ സൗകര്യമനുസരിച്ചും അവർക്കുപകാരപ്പെടുംവിധവും ഈ സൗകര്യം പ്രദാനം ചെയ്യുന്നതിനും വികലമായതും ന്യൂനതകളുള്ളതുമായ നോട്ടുകൾ ചിലവുക ളില്ലാതെ മാറികൊടുക്കുന്നതിനും 2009-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (നോട്ടുകൈമാറ്റ) നിയമങ്ങളുടെ നിയമം 2(j) നടപ്പാക്കാൻ ബാങ്ക് ശാഖകളെ അധികാരപ്പെടുത്തിയിട്ടുണ്ട്.

## 3. മുഷിഞ്ഞ ഒരു നോട്ടിൻറെ ഉദാരരൂപത്തിലുള്ള നിർവ്വചനം

വേഗത്തിൽമാറി കൊടുക്കുന്നത് സാദ്ധ്യമാക്കാൻവേണ്ടി മുഷിഞ്ഞ നോട്ടിൻറെ നിർവ്വചനം വിശാലമാക്കിയിട്ടുണ്ട്. രണ്ടു കഷ്ണങ്ങളെ ഒട്ടിച്ചുചേർത്ത് ഒന്നാക്കിയതും എന്നാൽ രണ്ടും ഒരേ നോട്ടിൻറെ പ്രധാനലക്ഷണങ്ങളും നഷ്ടമാകാത്തതുമായതും സാധാരണ ജീർണ്ണതയ്ക്ക് വിധേയ മായി അഴുക്കുപിടിച്ചുപോയതുമായ ഒരു നോട്ടിനെ, മുഷിഞ്ഞ നോട്ട് (soiled note) എന്നുപറയാം. ഈ നോട്ടുകൾ ബാങ്ക് കൗണ്ടറുകളിലൂടെ ബാങ്കിലുള്ള ഗവൺമെൻറ് അക്കൗണ്ടുകളിലും, വ്യക്തിഗത അക്കൗണ്ടുകളിലും വരവു വയ്ക്കാനായി സ്വീകരിക്കാം. എന്നാൽ ഈ നോട്ടുകൾ ഒരു കാരണ വശാലും പൊതുജനങ്ങൾക്ക് വീണ്ടും, നൽകരുത്. ഇവ 'മുഷിഞ്ഞ നോട്ടു'കളുടെ കൂട്ടത്തിൽ, ആർബിഐ ഓഫീസുകളിലെത്തിക്കാൻവേണ്ടി കറൻസിചെസ്റ്റുകളിൽ നിഷേപിക്കണം.

## 4. വികലമായ (Mutilated) നോട്ടുകൾ മാറാനായി നൽകുന്നതും പാസ്സാക്കുന്നതും

ഒരു ഭാഗം ഇല്ലാതിരിക്കുകയും, രണ്ടുകഷ്ണങ്ങളിൽ കൂടുതൽകൂട്ടി ചേർത്തതുമായ നോട്ടാണ് വികലമായ നോട്ട് (Mutilated Note) വികലമായ നോട്ടുകൾ ഏതു ബാങ്ക് ശാഖകളിലും മാറ്റിയെടു ക്കാനായി നൽകാം. അങ്ങിനെ കിട്ടുന്ന നോട്ടുകൾ സ്വീകരിക്കുകയും, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (നോട്ട് റീഫണ്ട്) നിയമങ്ങൾ അനുസരിച്ച് മാറ്റികൊടുക്കുകയും തീർപ്പാക്കുകയും ചെയ്യാം.

## 5. അമിതമായി പൊടിഞ്ഞുപോകുന്ന അവസ്ഥയിലുള്ളതും കത്തിയതും കരിഞ്ഞതും ഒട്ടിപ്പിടിച്ചതുമായ നോട്ടുകൾ

അമിതമായി പൊടിഞ്ഞുപോകുന്ന അവസ്ഥയിലുള്ളതോ, മോശമായി കരിഞ്ഞതോ, സാധാരണമായി കൈകാര്യം ചെയ്യുന്നത് താങ്ങാനാവാത്തതും ആയ നോട്ടുകൾ കൈമാറ്റ ത്തിനായി, ബാങ്കുശാഖകൾ സ്വീകരിക്കാൻ പാടില്ല. പകരം, അത്തരം നോട്ടുകൾ കൊണ്ടു വരുന്നവരെ, അവ ആർബിഐയുടെ അതാത് ഇഷ്യൂ ഓഫീസുകളിൽ നൽകുവാൻ ആവശ്യ പ്പെടുകയും, ഒരു പ്രത്യേക നടപടിയിലൂടെ ഈ നോട്ടുകളെ സംബന്ധിച്ചു തീരുമാനത്തിലെത്താൻ സാദ്ധ്യമാകുകയും വേണം.

## 6. മുഷിഞ്ഞതും, വികലമായതും, അപൂർണ്ണവുമായ നോട്ടുകൾ മാറി കൊടുക്കുന്ന തിനുള്ള നടപടി

### 6.1. മുഷിഞ്ഞ നോട്ടുകളുടെ കൈമാറ്റം.

**6.1.1. നോട്ടുകൾ കുറച്ച് എണ്ണം മാത്രം നൽകുമ്പോൾ:** ഒരു ദിവസം ഏറ്റവുംകൂടുതൽ 5000 രൂപ വരെ മൂല്യംവരുന്ന 20 നോട്ടുകൾ മാറാനായി നൽകുമ്പോൾ, ബാങ്കുകൾ കൗണ്ടർ മുഖേന തന്നെ, ചാർജുകൾ ഒന്നുംകൂടാതെ, മാറ്റി നൽകണം.

**6.1.2. നോട്ടുകൾ മൊത്തമായി നൽകുമ്പോൾ:** ഒരാൾ ഒരു ദിവസം മാറ്റിയെടുക്കാൻ നൽകുന്ന നോട്ടുകൾ 20 എണ്ണത്തിൽ കൂടുതലോ മൂല്യത്തിൽ 5000 രൂപയിൽ കൂടുകയോ ചെയ്യുമ്പോൾ പിന്നീട് അക്കൗണ്ടിൽ വരവു വരവുവയ്ക്കാൻവേണ്ടി ഒരു രസീതു നൽകി ബാങ്കുകൾ സ്വീകരിക്കണം. കസ്റ്റമർ സർവീസിനെ സംബന്ധിച്ചുള്ള പ്രാമാണിക സർക്കുല (DBR No. Leg. BC.21/09.07.006/2015-16 dated July 1, 2015) റിൽ അനുവദിച്ചിട്ടുള്ള തുപോലെ സർവീസ് ചാർജ്ജുകൾ ഈടാക്കാം. നൽകുന്ന തുക 50,000 രൂപയിൽ കവിഞ്ഞതാണെങ്കിൽ ബാങ്കുകൾ പതിവുള്ള മുൻകരുതലുകൾ എടുക്കണം.

### 6.2. വികലമായതും അപൂർണ്ണവുമായ നോട്ടുകൾ മാറ്റിയെടുക്കുമ്പോൾ.

6.2.1. നിർദ്ദിഷ്ഠ ശാഖകൾ എൻ.ആർ.ആർ 2009 (www.rbi.org.in-Publications-Occassional) പാർട്ട് III -യിൽ പറഞ്ഞിട്ടുള്ള നടപടിക്രമം അനുസരിച്ച് വികല മായതും അപൂർണ്ണമായതുമായ നോട്ടുകൾ രസീതു നൽകി സ്വീകരിക്കുകയും അവസാന തീരുമാനത്തിനു സമർപ്പിക്കുകയും ചെയ്യുന്ന ഇപ്പോ ഴുള്ള നടപടിക്രമം തുടർന്നും പാലിക്കാം. ചെസ്റ്റുകളില്ലാത്ത ശാഖകൾ കുറഞ്ഞ എണ്ണങ്ങളിലും മൊത്തമായും സമർപ്പിക്കുന്ന നോട്ടുകൾ മാറി കൊടുക്കുന്നതിന് താഴെപ്പറയുന്ന നടപടിക്രമം പാലിക്കേണ്ടതാണ്.

### 6.2.2. നോട്ടുകൾ കുറഞ്ഞ എണ്ണങ്ങളിൽ സമർപ്പിക്കപ്പെടുമ്പോൾ.

5 നോട്ടുകൾ സമർപ്പിക്കപ്പെടുമ്പോൾ, ചെസ്റ്റ് ഇല്ലാത്ത ശാഖകൾ 2009-ലെ എൻആർആർ പാർട്ട് III -ൽ പറഞ്ഞിട്ടുള്ള നടപടി ക്രമപ്രകാരം, സാധാരണഗതിയിൽ, തീരുമാനമെടുത്ത് കൗണ്ടറിൽതന്നെ മാറ്റിനൽകാം. ചെസ്റ്റില്ലാത്ത ശാഖകൾക്ക് വികലമായ നോട്ടുകളുടെ കാര്യ ത്തിൽ തീരുമാനമെടുക്കാൻ കഴിയാതെവന്നാൽ, രസീതു നൽകി അവ സ്വീകരിക്കുകയും, ബന്ധപ്പെടുത്തിയിട്ടുള്ള ചെസ്റ്റു ബ്രാഞ്ചുക ളിലേക്ക്, തീരുമാനമെടുക്കാൻവേണ്ടി അയയ്ക്കു കയുംവേണം. മാറിനൽകാവുന്ന ഏകദേശ തീയതി രസീതിൽ കുറിച്ചുകൊടുത്ത് അവരെ അറിയിക്കണം. ഇത് 30 ദിവസങ്ങളിൽ കൂടരുത്. നോട്ടുകൾ സമർപ്പിച്ചവരുടെ അക്കൗണ്ട് വിവര ങ്ങൾ വാങ്ങിവയ്ക്കണം. മാറിയെടുക്കാൻ നൽകിയ നോട്ടുകളുടെ മൂല്യം ഇലക്ട്രോണിക് മാദ്ധ്യമ ത്തിലൂടെ അക്കൗണ്ടിൽ വരവുവയ്ക്കാൻ ഇതു സഹായിക്കും.

**6.2.3. നോട്ടുകൾ മൊത്തമായി സമർപ്പിക്കുമ്പോൾ:** 500 രൂപ മൂല്യത്തിൽ കൂടാത്ത എണ്ണത്തിൽ 5-ൽ കൂടിയ നോട്ടുകൾ സമർപ്പിക്കപ്പെടുമ്പോൾ, ആ നോട്ടുകൾ അടുത്തുള്ള കറൻസി ചെസ്റ്റു ശാഖയിലേക്ക് ഇൻഷുർ ചെയ്ത പോസ്റ്റിൽ അയക്കണം. നോട്ടുകൾ നൽകിയ ആളിൻറെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (അക്കൗണ്ട് നമ്പർ, ശാഖയുടെ പേര് IFSC

തുടങ്ങിയവ) അയച്ചുകൊടുക്കണം. അല്ലെങ്കിൽ നേരിട്ട് അവിടെനിന്നും മാറ്റിയെടുക്കണം. 5000 രൂപയിൽ കൂടുതൽ മൂല്യമുള്ള വികലമായ നോട്ടുകൾ സമർപ്പിക്കുന്ന മറ്റെല്ലാപേരെയും അടുത്തുള്ള കറൻസി ചെസ്റ്റു ശാഖകളെ സമീപിക്കാ ൻ ഉപദേശിക്കണം. കറൻസി ചെസ്റ്റുശാഖകൾ ഇൻഷുർഡ് പോസ്റ്റിൽ ലഭിക്കുന്ന വികലമായ നോട്ടുകൾ അതിൻറെ കൈമാറ്റമൂല്യം, നോട്ടുകൾ ലഭിച്ച് 30 ദിവസത്തിനകം ഇലക്ട്രോണിക് ഉപാധികളിലൂടെ അയച്ച ആളിൻറെ അക്കൗണ്ടിൽ വരവുവച്ചുകൊടുക്കണം.

6.3. നോട്ടുസമർപ്പിച്ചവരിൽ പരാതിക്കാരുണ്ടെങ്കിൽ അവർ, 2006-ലെ ബാങ്കിംഗ് ഓംബുഡ്സ്മാൻ പദ്ധതിയനുസരിച്ച്, അതാത് ബാങ്കിംഗ് ഓംബുഡ്സ്മാനെ സമീപിക്കേണ്ടതാണ്. ഒപ്പം ബാങ്ക് രസീതു കളോ, പോസ്റ്റൽ രസീതുകളോ, അവശ്യനടപടി കൾക്കായി ഹാജരാക്കേണ്ടതാണ്.

7. **"PAY"/ "PAID"/ "REJECT" മുദ്രകളുള്ള നോട്ടുകൾ**

(a) ശാഖയുടെ ചുമതലയുള്ള ഓരോ ഓഫീസറും അതായത്, ശാഖാമാനേജർ, അക്കൗണ്ട്സി ൻറെയോ, പണത്തിൻറേയോ ചുമതലയുള്ള ഓരോ ഓഫീസറും, 2009-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (Note Refund.) നിയമങ്ങളനുസരിച്ച് ശാഖകളിൽ സമർപ്പിക്ക പ്പെടുന്ന വികലമായ നോട്ടുകൾ മാറികൊടുക്കു ന്നതുസംബന്ധമായ തീരുമാനമെടുക്കുന്ന നിർദ്ദിഷ്ഠ ഓഫീസ റായി (Prescribed Officer) പ്രവർത്തിക്കേണ്ടതാണ്.

വികലമായ നോട്ടുകളിൽ തീരുമാനമെടുത്തശേഷം നിർദ്ദിഷ്ഠ ഓഫീസർ അദ്ദേഹത്തിൻറെ ഒപ്പും തീയതിയോടുംകൂടി "PAY"/PAID/REJECT സ്റ്റാമ്പുകൾ പതിക്കണം. "PAY"/ "PAID"/ "REJECT" സ്റ്റാമ്പുകളോടൊപ്പം, ബന്ധപ്പെട്ട ബാങ്കി ൻറെയും, ശാഖയുടേയും പേരുകളും രേഖപ്പെടു ത്തണം. ഈ നോട്ടുകൾ ദുരുപ യോഗം ചെയ്യപ്പെടാതിരിക്കാനായി നിർദ്ദിഷ്ട ഓഫീസറുടെ കസ്റ്റഡിയിൽ സൂക്ഷി ക്കണം.

(b) "PAY"/ "PAID"/ (അല്ലെങ്കിൽ REJECT) സ്റ്റാമ്പുകളുള്ള വികലമായതോ, ന്യൂനതക ളുള്ളതോ ആയ നോട്ടുകൾ വീണ്ടും മാറ്റിയെടുക്കാൻവേണ്ടി സമർപ്പിക്കപ്പെടുകയാണെങ്കിൽ, 2009-ലെ റിസർവ്ബാങ്ക് ഓഫ് ഇന്ത്യ (Note Refund) നിയമത്തിലെ റൂൾ 6(2) അനുസരിച്ച് നിരസിക്കണം. നോട്ടിൽ പതിച്ചിട്ടുള്ള PAY/PAID/ REJECT സ്റ്റാമ്പുകൾ തെളിയിക്കുംപോലെ അവയുടെ മൂല്യം നൽകികഴിഞ്ഞുവെന്നും, അതിനാൽ വീണ്ടും പണം നൽകാൻ കഴിയില്ലെന്നും പറഞ്ഞു മനസ്സിലാക്കണം. ഇങ്ങിനെയുള്ള PAY/PAID/ REJECT -എന്നീ സ്റ്റാമ്പുകളുള്ള നോട്ടുകൾ, അശ്രദ്ധമൂലംപോലും, പുറത്തുനൽകരുതെന്ന നിർദ്ദേശങ്ങൾ നിലവിലുണ്ട്. ഇടപാടുകാർ ഇത്തരം നോട്ടുകൾ ബാങ്കിൽനിന്നോ മറ്റാരുടെയെങ്കിലും നിന്നോ സ്വീകരിക്കരുതെന്ന് ബാങ്കുകൾ മുന്നറിയിപ്പു നൽക ണം.

8. **മുദ്രാവാക്യങ്ങളും, രാഷ്ട്രീയ സന്ദേശങ്ങളും പേറുന്ന നോട്ടുകൾ**

മുദ്രാവാക്യങ്ങളോ, രാഷ്ട്രീയ സ്വാഭാവമുള്ള സന്ദേശങ്ങളോ കുറുകെ എഴുതപ്പെട്ട ഒരു നോട്ടിൻറെ നിയമപരമായ സാധുത നഷ്ടപ്പെട്ട ഒന്നാണ്. 2009-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (Note Refund) നിയമം റൂൾ 6(3) (iii) അനുസരിച്ച് ആ നോട്ട് നിരസിക്കണം.

ഇതേപോലെ വികലമാക്കപ്പെട്ട നോട്ടുകളും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (Note Refund) നിയമം റൂൾ 6(3) (ii) അനുസരിച്ച് നിരസിക്ക ണം.

**9. മനപൂർവ്വം കഷണിച്ച നോട്ടുകൾ**

മനപൂർവ്വം കഷണിച്ചതോ, കീറിയതോ, രൂപം മാറ്റുകയോ, കേടുവരുത്തുകയോചെയ്ത നോട്ടുകൾ സമർപ്പിക്കപ്പെടുകയാണെങ്കിൽ അവ 2009-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (Note Refund) നിയമം റൂൾ 6(3) (ii) അനുസരിച്ച് നിരസിക്കണം. മനപൂർവ്വം കഷണിച്ചവ നിർവചിക്കാൻ പ്രയാസമുണ്ടെങ്കിലും, വളരെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ അത് മനപൂർവ്വ മായ കുത്സിത ഉദ്ദേശത്തോടെ കീറിയതാണോ എന്നു തെളിയും. അവയുടെ ആകൃതി, നഷ്ടപ്പെട്ടുപോയ ഭാഗങ്ങൾ എന്നിവ വിശാലമായ ഒരു സാമ്യം തുടരുന്നതുകാണാം. പ്രത്യേകിച്ചും കൂടുതൽ നോട്ടുകൾ സമർപ്പിക്കപ്പെടുമ്പോൾ ഇത്തരം കേസുകളുടെ വിവരങ്ങൾ, സമർപ്പിച്ച ആളുടെ പേര് സമർപ്പിക്കപ്പെട്ട നോട്ടുകളുടെ എണ്ണം, അവയുടെ ഡിനോമിനേ ഷനുകൾ എന്നിവ ഉൾപ്പെടുത്തി ശാഖയുടെ ചുമതലയുള്ള ഡെപ്യൂട്ടി/ജനറൽ മാനേജർക്ക് അയച്ചുകൊടുക്കണം. വളരെകൂടുതൽ എണ്ണം സമർപ്പിക്കപ്പെ ടുമ്പോൾ വിവരം ലോക്കൽ പോലീസിനേയും അറിയിക്കണം.

**10. പരിശീലനം**

ബാങ്ക് ശാഖകളിലെ നിർദ്ദിഷ്ട ഓഫീസർമാർക്ക് മുൻഗണനാ അടിസ്ഥാനത്തിൽ തങ്ങളുടെ ഇഷ്യൂ ഓഫീസുകൾ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. ഇത്തരം പരിശീലന പരിപാടികൾ നിർദ്ദിഷ്ട ഓഫീസർമാരിൽ വികലമായ നോട്ടുകളുടെ കാര്യത്തിൽ തീരുമാനമെടുക്കാൻവേണ്ട ആത്മവിശ്വാസം ഉണ്ടാക്കും. ഇത്തരം പരി പാടികളിലേക്ക് ശാഖകൾ നിർദ്ദിഷ്ട ഓഫീസറന്മാരെ അയക്കേണ്ടത് അനുപേക്ഷണീയ മാണ്.

**11. നോട്ടീസ് ബോർഡ്**

"മുഷിഞ്ഞതും വികലമായതും ആയ നോട്ടുകളും നാണയങ്ങളും മാറ്റിയെടുക്കാൻ ഇവിടെ സ്വീകരിക്കപ്പെടും". എന്നെഴുതിയ ഒരു ബോർഡ്, പൊതുജന ങ്ങളുടെ അറിവിലേക്കായി, ശാഖാമന്ദിരത്തിൽ ഒരു പ്രമുഖ സ്ഥാനത്ത് നിശ്ചയമായും സ്ഥാപിച്ചിരിക്കണം. ബാങ്കുകൾ അവരുടെ സ്വന്തം ഇടപാടുകാരെ കൂടാതെ മറ്റുള്ള വർക്കും നോട്ടുകൾ മാറിയെടുക്കാനുള്ള ഈ സൗകര്യം നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. എന്നിരുന്നാലും ഈ കൈമാറ്റ സൗകര്യം, ഇത്തരം നോട്ടുകൾ സ്ഥിരമായി മാറികൊടുക്കുന്നവർ കയ്യടക്കാൻ ഇടയാക്കരുത്.

**12. ബാങ്കുശാഖകളിൽ തീരുമാനമെടുത്ത നോട്ടുകൾ നീക്കം ചെയ്യുന്നതു സംബന്ധിച്ച്**

ബാങ്കുശാഖകളിൽ തീരുമാനമെടുത്തവയും, മുഴുവൻ പണവും കൊടുത്തതുമായ നോട്ടുകളുടെ പരിശോധനയുമായി ബന്ധപ്പെട്ട്, ശാഖകൾ അവയുടെ ബന്ധപ്പെടു ത്തിയിട്ടുള്ള കറൻസി ചെസ്റ്റുശാഖകളിലേക്കും അവിടെനിന്നും, അടുത്ത മുഷിഞ്ഞ നോട്ടുകളുടെ അടവിനോടൊപ്പം ഇഷ്യൂ ഓഫീസുകളിലേക്കും അയച്ചുകൊടുക്കണം. ചെസ്റ്റുശാഖകളിൽ കാഷ്ബാല ൻസിനൊപ്പം സൂക്ഷിച്ചിട്ടുള്ള പകുതിമൂല്യംമാത്രം കൊടുത്ത നോട്ടുകളും, പണം നിരസിക്കപ്പെട്ട നോട്ടുകളും, മുഴുവൻ മൂല്യവും നൽകിയ

നോട്ടുകളോടൊപ്പം പ്രത്യേകം പായ്ക്ക്ചെയ്തു അയക്കുകയോ, വേണ്ടപ്പോൾ രജിസ്റ്റേർഡ് ഇൻഷൂർഡ് പോസ്റ്റിൽ അയച്ചുകൊടുക്കുകയോ ചെയ്യണം. മുഴുവൻ മൂല്യവും കൊടുത്ത നോട്ടുകൾ ചെസ്റ്റുപണമടവായി കണക്കാക്കപ്പെടും. പകുതി മൂല്യം മാത്രം കൊടുത്തതോ, നിരസിക്കപ്പെട്ടതോ ആയ നോട്ടുകളെ, തീരുമാനത്തിനു സമർപ്പിക്കപ്പെട്ടതായി കണക്കാക്കി നടപടികൾക്ക് വിധേയമാക്കുന്നതാണ്. എല്ലാ ചെസ്റ്റുശാഖകളും മാസത്തിൽ തീരുമാനമെടുത്ത നോട്ടുകളുടെ എണ്ണം കാണിച്ച് ഓരോ മാസവും ഒരു സ്റ്റേറ്റ്മെൻറ് ഇഷ്യൂ ഓഫീസിന് സമർപ്പി ക്കേണ്ടതാണ്.

**13. പ്രചാരത്തിലില്ലാത്ത നാണയങ്ങൾ**

25 പൈസയും അതിനുതാഴെയുള്ളതുമായ കാലാകാലം പുറപ്പെടുവിച്ചിട്ടുള്ള നാണയങ്ങളുടെ കൊടുക്കൽ വാങ്ങലുകൾക്കും അക്കൗണ്ടിൽ സ്വീകരിക്കപ്പെടാനുള്ള നിയമപരമായ സാധുത, 2011 ജൂൺ 30-ലെ 2529-ാം നമ്പർ ഗസറ്റു നോട്ടിഫിക്കേ ഷനിലൂടെ ഗവൺമെൻറ് ഓഫ് ഇന്ത്യ അവസാനിപ്പിച്ചു.

**14. നിരീക്ഷണവും നിയന്ത്രണവും**

a) റീജിയണൽ മാനേജർമാരും, സോണൽ മാനേജറന്മാരും ശാഖകളിൽ മുന്നറിയിപ്പുകൂടാതെ സന്ദർശിക്കുകയും, ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഹെഡ് ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യുകയും വേണം. ഹെഡ് ഓഫീസ് ഈ റിപ്പോർട്ടുകൾ അവലോകനം ചെയ്ത് ആവശ്യ മുള്ള പരിഹാരനടപടികൾ ഉടൻതന്നെ എടുക്കേണ്ടതുമാണ്.

b) ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കപ്പെടാതിരിക്കുന്നത്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഉത്തരവുകളുടെ ലംഘനമായി കരുതപ്പെടും.

## ഈ പ്രാമാണിക സർക്കുലറിൽ ക്രോഡീകരിച്ചിട്ടുള്ള സർക്കുലറുകളുടെ പട്ടിക

| ക്രമ നം. | സർക്കുലർ നം. | തീയതി | വിഷയം |
|---|---|---|---|
| **1** | **2** | **3** | **4** |
| 1 | RBI/2017-18/132 DCM (RMMT) No. 2945/11.37.01/2017-18 | February 15, 2018 | നാണയങ്ങൾ സ്വീകരിക്കൽ |
| 2 | DCM (NE) No. 120/08.07.18/2016-17 | July 07, 2016 | മുഷിഞ്ഞ/വികലമായ/അപൂർണ്ണമായ നോട്ടുകൾ മാറിയെടുക്കാനുള്ള സൗകര്യം. |
| 3 | DCM (NE) No. 3498/08.07.18/2012-13 | January 28, 2013 | നോട്ടുകളും നാണയങ്ങളും മാറ്റിയെടുക്കാനുള്ള സൗകര്യം |
| 4 | DCM (Plg.)No.6983/10.03.03/2010-11 | June 28, 2011 | 25 പൈസയും അതിനുതാഴെയുള്ള ഡിനോമിനേഷനിലെ നാണയങ്ങൾ പ്രചാരത്തിൽ നിന്നും പിൻവലിക്കൽ. |
| 5 | DCM (Plg.)No.6476/10.03.03/2010-11 | May 31, 2011 | 25 പൈസയും അതിനുതാഴെയുള്ള ഡിനോമിനേഷനിലെ നാണയങ്ങൾ പ്രചാരത്തിൽ നിന്നും പിൻവലിക്കൽ സ്വീകരിക്കാതിരിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ |
| 6 | DCM (Plg.)No.4459/10.03.03/2010-11 | February 09, 2011 | 25 പൈസയും അതിനുതാഴെയുള്ള ഡിനോമിനേഷനിലെ നാണയങ്ങൾ പ്രചാരത്തിൽ നിന്നും പിൻവലിക്കൽ സ്വീകരിക്കാതിരിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ |
| 7 | DCM (Plg.)No.4137/10.03.03/2010-11 | January 01, 2011 | 25 പൈസയും അതിനുതാഴെയുള്ള ഡിനോമിനേഷനിലെ നാണയങ്ങൾ പ്രചാരത്തിൽ നിന്നും പിൻവലിക്കൽ സ്വീകരിക്കാതിരിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ |
| 8 | Gazette of India No. 2529 | December 20, 2010 | 25 പൈസയുടേയും അതിനു താഴെയുമുള്ള നാണയങ്ങളുടെ പിൻവലിക്കൽ വിജ്ഞാപനം. |
| 9 | DCM (RMMT)No.1277/11.36.03/2010-11 | August 24, 2010 | കറൻസി ചെസ്റ്റു ശാഖകളിൽ മാറ്റിയെടുക്കൽ സൗകര്യങ്ങൾ/സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന പദ്ധതി. |
| 10 | DCM (NE)No.1612/08.01.01/2009-10 | September 13, 2009 | നോട്ട് റീഫണ്ട് നിയമങ്ങൾ 2009 വിജ്ഞാപനം. |
| 11 | RBI/2006-07/349/DCM/(NE) No.7488/08.07.18/2006-07 | April 25, 2007 | ചെറിയ ഡിനോമിനേഷനിലുള്ള നോട്ടുകളും നാണയങ്ങളും സ്വീകരിക്കൽ. |
| 12 | DCM (RMMT)No.1181/11.37.01/2003-04 | August 05, 2004 | നാണയങ്ങൾ സ്വീകരിക്കുന്നതു സംബന്ധിച്ച്. |
| 13 | DCM (NE)No.310/08.07.18/2003-04 | January 01, 2004 | പൊതുജനങ്ങൾക്ക് നോട്ടുകളും നാണയങ്ങളും മറ്റും മാറ്റിയെടുക്കുന്നതിനുള്ള സൗകര്യങ്ങൾ നൽകുന്നത് സംബന്ധിച്ച്. |
| 14 | DCM (RMMT)No.404/11.37.01/2003-04 | October 09, | നാണയങ്ങൾ സ്വീകരിക്കലും, |

| | | | |
|---|---|---|---|
| | | 2003 | നോട്ടുകളുടെ ലഭ്യതയും. |
| 15 | G-11/08.07.18/2001-02 | November 02, 2001 | റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (Note Refund) നിയമങ്ങൾ- പൊതുമേഖലാബാങ്കുകളിലേയും സ്വകാര്യ മേഖലാ ബാങ്കുകളിലേയും കറൻസി ചെസ്റ്റു ശാഖകളെ നോട്ടുകൾ മാറി കൊടുക്കുന്നതു സംബന്ധിച്ചുള്ള അധികാരപ്പെടുത്തൽ. |
| 16 | Cy. No.386/08.07.13/2000-01 | November 16, 2000 | റിസർവ് ബാങ്ക് ഓഫ് ഇന്ത്യാ (നോട്ട് റീഫണ്ട്) നിയമങ്ങൾ 1975 പൊതുമേഖലാ ബാങ്കുകളിലെ കറൻസി ചെസ്റ്റു ശാഖകളെ മുഴുവൻ നോട്ടുകൾ മാറികൊടുക്കാൻ അധികാരം നൽകൽ. |
| 17 | G-67/08.07.18/96-97 | February 18, 2001 | ആർബിഐ (നോട്ട് റീഫണ്ട്) നിയമങ്ങൾ 1975, കറൻസി ചെസ്റ്റുകളുള്ള സ്വകാര്യമേഖലാ ബാങ്കുകൾക്ക് പൂർണ്ണാധികാരം നൽകൽ. |
| 18 | G-52/08.07.18/96-97 | January 11, 1997 | ആർബിഐ (എൻ.ആർ.) നിയമങ്ങൾ കേടുവന്ന നോട്ടുകൾ മാറികൊടുക്കുന്നതുസംബന്ധിച്ച് പി.എസ്.ബി ബാങ്കുകൾക്ക് അധികാരം നൽകുന്നതു സംബന്ധിച്ച്. |
| 19 | G-24/08.01.01/96-97 | December 03, 1996 | കഷണമാക്കപ്പെട്ട നോട്ടുകൾമാറികൊടുക്കാൻ സ്വീകരിക്കുന്നതു സംബന്ധിച്ച് ഉദാരവല്ക്കരണം. |
| 20 | G-64/08.07.18/95-96 | May 18, 1996 | ആർബിഐ (എൻ ആർ) നിയമം പിഎസ്ബി ശാഖകൾക്ക് പൂർണ്ണാധികാരം നൽകൽ കേടുവന്ന നോട്ടുകൾ മാറിനൽകുന്നതു സംബന്ധിച്ച് പ്രചരണം. |
| 21 | G-71/08.07.18/92-93 | June 22, 2001 | ആർബിഐ (എൻ ആർ) നിയമം കേടുവന്ന നോട്ടുകൾ മാറികൊടുക്കുന്നതു സംബന്ധിച്ച് പി.എസ്.ബി. ശാഖകൾക്ക് പൂർണ്ണ അധികാരം നൽകൽ-പ്രചരണം. |
| 22 | G-83/CL-1 (PSB)-91/92 | May 06, 2001 | ആർബിഐ (എൻ ആർ) നിയമം പിഎസ്ബി ചെസ്റ്റു ശാഖകൾക്ക് അധികാരം നൽകൽ. |
| 23 | G-74/CL-(PSB) Gen)90/91 | September 05, 1991 | ആർബിഐ (എൻ ആർ) നിയമം ഇതിൻകീഴിൽ പിഎസ്ബി കൾ ക്ക് പൂർണ്ണ അധികാരം നൽകാ നുള്ള പദ്ധതി. |
| 24 | 5.5/CL-1(PSB)-90/91 | September 25, 1990 | ആർബിഐ (എൻ ആർ) നിയമം ഇതിൻകീഴിൽ പിഎസ്ബി കൾ ക്ക് പൂർണ്ണ അധികാരം നൽകാ നുള്ള പദ്ധതി. |
| 25 | 8/CL-1(PSB)-90/91 | August 17, 1990 | ആർബിഐ (എൻ ആർ) നിയമം |

| | | | |
|---|---|---|---|
| | | | ഇതിൻകീഴിൽ പിഎസ്ബി കൾക്ക് പൂർണ്ണ അധികാരം നൽകാനുള്ള പദ്ധതി. |
| 26 | G-123/CL-1 (PSB)(Gen)-89/90 | May 07, 1990 | ആർബിഐ (എൻ ആർ) നിയമം ഇതിൻകീഴിൽ പിഎസ്ബി കൾക്ക് പൂർണ്ണ അധികാരം നൽകാനുള്ള പദ്ധതി. |
| 27 | G-108/CL-1 (PSB) (Gen)-89/90 | April 03, 1990 | ആർബിഐ (എൻ ആർ) നിയമം 1989, 500 രൂപയുടെ ഡിനോമിനേഷനിലുള്ള ബാങ്ക് നോട്ടുകൾ പി.എസ്.ബി. ശാഖകളിൽ കേടുവന്ന നോട്ടുകൾ മാറ്റിയെടുക്കൽ. |
| 28 | G-8/CL-1 (PSB)-89/90 | July 12, 1989 | ആർബിഐ (എൻ ആർ) നിയമം കേടുവന്ന നോട്ടുകൾ ആർബി ഐ ഇഷ്യൂ ഓഫീസിൻറെ "To Claims' സ്റ്റാമ്പോടുകൂടി. |
| 29 | G-84/CL-1 (PSB)-88/89 | March 17, 1989 | ആർബിഐ (എൻ ആർ) നിയമം പിഎസ്ബികൾക്ക് നോട്ട് മാറികൊടുക്കുന്നതിനുള്ള അധികാരം നൽകൽ. |
| 30 | G-66/CL-1 (PSB)-88/89 | February 09, 1989 | ആർബിഐ (എൻ ആർ) നിയമം പിഎസ്ബി കൾക്ക് അധികാരം നൽകൽ- പരിശീലനം. |
| 31 | S-12/CL-1 (PSB)-88/89 | September 30, 1988 | ആർബിഐ (എൻ ആർ) നിയമം മനപൂർവ്വം വികലമാക്കപ്പെട്ട നോട്ടുകളുടെ തീർപ്പുകൽപ്പിക്കൽ. |
| 32 | G-134/CL-1 (PSB)-87/89 | May 25, 1988 | ആർബിഐ (എൻആർ) നിയമ ത്തിൻകീഴിൽ പൂർണ്ണാധികാരം നൽകുന്ന പദ്ധതി നടപ്പാക്കൽ. |
| 33 | 192/CL-1 (PSB)-86/87 | June 02, 1987 | ആർബിഐ (എൻ ആർ) നിയമം പിഎസ്ബി കൾക്ക് പൂർണ്ണാധികാരം നൽകുന്ന പദ്ധതി. |
| 34 | 189/CL-2/86/87 | June 02, 1987 | കറൻസിനോട്ടുകളിൽഎഴുതിയും സന്ദേശങ്ങളും മുദ്രാവാക്യങ്ങളും കുറിച്ച് അവ വികലമാക്കുന്നതു സംബന്ധിച്ച്. |
| 35 | 185/CL-1 (PSB)86/87 | May 20, 1987 | ആർബിഐ (എൻ ആർ) നിയമം കേടുവന്ന നോട്ടുകളുടെമേൽ "Pay Reject" എന്നീ സ്റ്റാമ്പുകൾ പതിക്കൽ. |
| 36 | 173/CL-1/84/85 | April 02, 1985 | കേടുവന്ന നോട്ടുകൾ മാറിനൽ കുന്നതിൻ പിഎസ്ബി കൾക്ക് പൂർണ്ണാധികാരം നൽകൽ/അതിനുവേണ്ടിയുള്ള നടപടിക്രമം. |
| 37 | Cy No. 1064/CL.1/76/77 | August 09, 1976 | പൊതുജനങ്ങൾക്ക് കേടുവന്നതും ലേശം വികലമായതുമായ നോട്ടുകൾ മാറിയെടുക്കുന്നതിനുള്ള സൗകര്യങ്ങൾ. |